**മഹാത്മാഗാന്ധി സർവ്വകലാശാല**
**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2022 ഡിസംബർ 6

## വാർത്താക്കുറിപ്പ്

---

*മഹാരാജാസ് കോളജിൽ പ്രകാശനം നിർവഹിക്കുന്നത് കൊച്ചി മേയർ*

# എം.ജി സർവകലാശാലാ അക്കാദമിക് കാർണിവൽ; ലോഗോ ഇന്ന് എറണാകുളത്ത് പ്രകാശനം ചെയ്യും

ജനുവരി 17 മുതൽ 19 വരെ കോട്ടയത്തു നടക്കുന്ന മഹാത്മാ ഗാന്ധി സർവകലാശാലാ ഗ്ലോബൽ അക്കാദമിക് കാർണിവൽ -യുനോയ 2023ൻറെ ലോഗോ പ്രകാശനം ഇന്ന്(ഡിസംബർ 7 ബുധൻ) എറണാകുളം മഹാരാജാസ് കോളജിൽ നടക്കും. ഉച്ചയ്ക്ക് 2.30ന് കൊച്ചി മേയർ അഡ്വ. എം. അനിൽകുമാർ പ്രകാശന കർമ്മം നിർവഹിക്കും.

ചലച്ചിത്ര സംവിധായകൻ കമൽ അക്കാദമിക് കാർണിവലിൻറെ പ്രഖ്യാപനം നടത്തും. മഹാരാജാസ് കോളജ് പ്രിൻസിപ്പൽ ഡോ. വി.എസ്. ജോയ് അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ പ്രോ-വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദ കുമാർ മുഖ്യ പ്രഭാഷണം നിർവഹിക്കും.

സിൻഡിക്കേറ്റ് അംഗങ്ങളായ ഡോ. എ. ജോസ്, ഡോ. ഷാജില ബീവി, ഡോ. ബിജു തോമസ്, പി. ഹരികൃഷ്ണൻ, സർവകലാശാലാ രജിസ്ട്രാർ ഡോ. ബി. പ്രകാശ് കുമാർ തുടങ്ങിയവർ സംസാരിക്കും. കോളജ് പ്രിൻസിപ്പൽമാർ, അധ്യാപകർ, വിദ്യാർഥികൾ തുടങ്ങിയവർ പങ്കെടുക്കും. മഹാരാജാസ് കോളജ് വിദ്യാർഥികൾ ഫ്ളാഷ് മോബ് അവതരിപ്പിക്കും.

സർവകലാശാലയിലെയും അഫിലിയേറ്റഡ് സ്ഥാപനങ്ങളിലെയും അക്കാദമിക ഗവേഷണ പ്രോഗ്രാമുകൾ, സ്റ്റാർട്ട് അപ്, ട്രാൻസ്ലേഷണൽ റിസർച്ചുകൾ തുടങ്ങിയവയെക്കുറിച്ച് വിദ്യാർഥികൾക്ക് അറിവു നൽകുന്നതിന് ലക്ഷ്യമിട്ടാണ് ഗ്ലോബൽ കാർണിവൽ സംഘടിപ്പിക്കുന്നത്.

കോട്ടയം മാമ്മൻ മാപ്പിള ഹാൾ, തിരുനക്കര മൈതാനം, ഇൻഡോർ സ്റ്റേഡിയം, നഗരത്തിലെ വിവിധ കോളേജുകൾ എന്നിവിടങ്ങളാണ് പരിപാടിക്ക് വേദികളാകുക. അക്കാദമിക് മേഖലയിലെ വിദഗ്ധരും ഗവേഷകരും പങ്കെടുക്കുന്ന സംവാദങ്ങൾ, ചർച്ചകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങളെയും പ്രസാധകരെയും ഉൾപ്പെടുത്തിക്കൊണ്ടുള്ള പ്രദർശനം, കലാ സാംസ്കാരിക പരിപാടികൾ തുടങ്ങിയവ കാർണിവലിൻറെ ഭാഗമായി നടക്കും.

(പി.ആർ.ഒ./39/1709/2022)

## പരീക്ഷകൾ മാറ്റി

മഹാത്മാ ഗാന്ധി സർവകലാശാല ഇന്ന്(ഡിസംബർ 7) നടത്താൻ നിശ്ചയിച്ചിരുന്ന എല്ലാ പരീക്ഷകളും മാറ്റിവച്ചതായി പരീക്ഷാ കൺട്രോളർ അറിയിച്ചു. പുതിയ തീയതി പിന്നീട് അറിയിക്കും.

(പി.ആർ.ഒ./39/1710/2022)

## ഭിന്ന ശേഷി വിഭാഗത്തിൽപെടുന്ന വിദ്യാർഥികൾക്ക് സഹായം

മഹാത്മാ ഗാന്ധി സർവകലാശാലയിൽ അഫിലിയേറ്റ് ചെയ്ത കോളജുകളിലെ ഭിന്നലിംഗക്കാരായ വിദ്യാർഥികൾക്കായി ഏർപ്പെടുത്തിയിട്ടുള്ള സാമ്പത്തിക സഹായത്തിന് സ്റ്റുഡന്റ് സർവീസസ് ഡിപ്പാർട്ട്മെന്റ് അപേക്ഷ ക്ഷണിച്ചു.

അപേക്ഷാ ഫോറം സർവകലാശാലയുടെ വെബ്സൈറ്റിൽ(www.mg.ac.in) application for merit scholarship എന്ന ലിങ്കിൽ ലഭിക്കും. പൂരിപ്പിച്ച അപേക്ഷാഫോറം ഭിന്നശേഷി വിഭാഗത്തിൽപെട്ടതെന്ന് തെളിയിക്കുന്ന മെഡിക്കൽ സർട്ടിഫിക്കറ്റിന്റെയും വരുമാന സർട്ടിഫിക്കറ്റിന്റെയും പകർപ്പും കോളജ് പ്രിൻസിപ്പലിന്റെ സാക്ഷ്യപത്രവും സഹിതം ഡിസംബർ 15ന് വൈകുന്നേരം 4.30നുള്ളിൽ സർവകലാശാലാ കാമ്പസിലെ സ്റ്റുഡന്റ് സർവീസസ് ഡിപ്പാർട്ട്മെന്റിൽ നേരിട്ടോ തപാൽ മുഖേനയോ ലഭിക്കണം.

വിലാസം: ഡയറക്ടർ, ഡിപ്പാർട്ട്മെന്റ് ഓഫ് സ്റ്റുഡന്റ് സർവീസസ്, മഹാത്മാ ഗാന്ധി സർവകലാശാല, പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം 686560

(പി.ആർ.ഒ./39/1711/2022)

## സൗജന്യ പരീക്ഷാ പരിശിലനം

സംസ്ഥാന സഹകരണ പരീക്ഷാ ബോർഡ് നടത്തുന്ന ജൂനിയർ ക്ലർക്ക് പരീക്ഷ എഴുതുന്നവർക്ക് മഹാത്മാ ഗാന്ധി സർവകലാശാല എംപ്ലോയ്മെൻറ് ഇൻഫർമേഷൻ ആൻഡ് ഗൈഡൻസ് ബ്യൂറോയുടെ ആഭിമുഖ്യത്തിൽ സൗജന്യ പരീക്ഷാ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു.
ഫോൺ: 0481 2731025

(പി.ആർ.ഒ./39/1712/2022)

## പരീക്ഷയ്ക്ക് അപേക്ഷ നൽകാം

ഒന്നാം സെമസ്റ്റർ ഐ.എം.സി.എ (2021 അഡ്മിഷൻ റഗുലർ, 2020, 2019, 2018, 2017 അഡ്മിഷനുകൾ സപ്ലിമെൻററി), ഒന്നാം സെമസ്റ്റർ ഡി.ഡി.എം.സി.എ (2015, 2016 അഡ്മിഷനുകൾ സപ്ലിമെൻററി, 2014 അഡ്മിഷൻ മെഴ്സി ചാൻസ്) പരീക്ഷകൾക്ക് അപേക്ഷ നൽകാം.

പിഴയില്ലാതെ ഡിസംബർ 13 മുതൽ 15 വരെയും പിഴയോടുകൂടി ഡിസംബർ 16 മുതൽ 19 വരെയും സൂപ്പർ ഫൈനോടു കൂടി ഡിസംബർ 20 നും അപേക്ഷ സ്വീകരിക്കും.

ആദ്യ മെഴ്സി ചാൻസ് (2014 അഡ്മിഷൻ) വിദ്യാർഥികൾ പരീക്ഷാ ഫീസിനും സി.വി. ക്യാമ്പ് ഫീസിനുമൊപ്പം സ്പെഷ്യൽ ഫീസായി 5515 രൂപ അടയ്ക്കണം.

മെഴ്സി ചാൻസ് പരീക്ഷയ്ക്ക് നേരത്തേ ഫീസ് അടച്ചിട്ടുള്ള 2014 അഡ്മിഷൻ ഡി.ഡി.എം.സി.എ. വിദ്യാർഥികൾ വീണ്ടും ഫീസ് അടയ്ക്കേണ്ടതില്ല. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1713/2022)

## പ്രാക്ടിക്കൽ

രണ്ടാം സെമസ്റ്റർ ബി.എസ്.സി ക്ലിനിക്കൽ ന്യൂട്രീഷൻ ആൻ ഡയറ്ററ്റിക്സ് സി.ബി.സി.എസ്. (2021 അഡ്മിഷൻ റഗുലർ, 2020 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2017 മുതൽ 2020 വരെ അഡ്മിഷൻ റീ-അപ്പിയറൻസ് - ഒക്ടോബർ 2022) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ ഡിസംബർ 20, 21 തീയതികളിൽ നടത്തും. ടൈം ടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1714/2022)

## പരീക്ഷാ ഫലം

ത്രിവത്സര യൂണിറ്ററി എൽ.എൽ.ബി(2020 അഡ്മിഷൻ റഗുലർ, 2018, 2019 അഡ്മിഷനുകൾ സപ്ലിമെന്ററി), ത്രിവത്സര എൽ.എൽ.ബി(2016, 2017 അഡ്മിഷനുകൾ സപ്ലിമെന്ററി, 2015 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2014 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്, 2013 അഡ്മിഷൻ മൂന്നാം മെഴ്സി ചാൻസ്) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യ നിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് ഡിസംബർ 20 വരെ പരീക്ഷാ കൺട്രോളറുടെ ഓഫീസിൽ അപേക്ഷ നൽകാം.

...................................

മൂന്നാം സെമസ്റ്റർ പി.ജി.സി.എസ്.എസ്- എം.എ. ഹിന്ദി (റഗുലർ, സപ്ലിമെൻററി) എം.എ. സംസ്കൃതം സ്പെഷ്യൽ ന്യായ, വേദാന്ത, സാഹിത്യ, വ്യാകരണ (റഗുലർ, സപ്ലിമെൻററി, ബെറ്റർമെൻറ്) - ഏപ്രിൽ 2022 പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് ഡിസംബർ 20 വരെ ഓൺലൈനിൽ അപേക്ഷ നൽകാം.

(പി.ആർ.ഒ./39/1715/2022)

**പബ്ലിക് റിലേഷൻസ് ഓഫീസർ**